നിന്നു നിയമിച്ച ആളുകൾക്ക് പരിശീലനം കൊടുക്കേണ്ട ആവശ്യമില്ല. അത് അനാവശ്യമായ ചെലവാണ്. അതുകൊണ്ട് അവർക്ക് പരിശീലനത്തിന്റെ കുറവുകൊണ്ട് പാകപ്പിഴകൾ ഉണ്ടായത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് അർഹതയുള്ള ആളുകൾക്ക് ട്രെയിനിംഗ് കൊടുത്ത് നിയമിക്കാൻ നടപടി സ്വീകരിച്ചത്. ഇക്കാര്യത്തിൽ ചില ബുദ്ധിമുട്ടുകളുള്ളത് സഭയിൽ തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. പ്രൊഫഷണൽ ഹാൻഡിനെ പിരിച്ചുവിടരുതെന്ന കോടതിയുടെ താൽക്കാലികമായ സ്റ്റേ ഒരുവശത്ത്. പി. എസ്. സി. റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കണമെന്ന അവരുടെ വാദം മറുവശത്ത്. എന്തായാലും ഇതിന് ശാശ്വതമായ ഒരു പരിഹാരം അടിയന്തിരമായി സ്വീകരിക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്.

മരം കയറ്റ തൊഴിലാളികൾക്കുള്ള സഹായധനം നൽകുന്ന പദ്ധതി

* 137 (181) ശ്രീ. വി. കേശവൻ:

,, ടി. കെ. അബ്ദു:

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ:

,, സി. കെ. തങ്കപ്പൻ:

,, ഒ. ഭരതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങുകയറ്റം, പനകയറ്റം, കമുകുകയറ്റം എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ജീവാപായം സംഭവിക്കുകയോ അപകടം സംഭവിക്കുകയോ ചെയ്താൽ സഹായധനം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) 1983-84, 1984-85 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതി പ്രകാരം ഈ വിഭാഗങ്ങൾക്ക് എന്തു സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്;

(സി) ആദിവാസി വിഭാഗങ്ങളിലോ ഹരിജൻ വിഭാഗങ്ങളിലോ പെട്ടവരല്ലെന്ന കാരണത്താൽ ഈ സഹായം നൽകപ്പെടാതിരുന്നിട്ടുണ്ടോ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) ഉണ്ട്.

(ബി) 1983-84 സാമ്പത്തിക വർഷത്തിൽ കേരളാ മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 11,45,000 രൂപ 229 പേർക്കായി നൽകിയിട്ടുണ്ട്. 1984-85 സാമ്പത്തിക വർഷത്തിൽ 2,70,000 രൂപ 54 പേർക്കായി സഹായം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. 1984-85-ൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കല്ലാതെ മറ്റാർക്കും ഈ പദ്ധതിയനുസരിച്ച് സഹായം നൽകിയിട്ടില്ല. സ്പെഷ്യൽ കമ്പോണന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പണമല്ലാതെ മറ്റ് വിഭാഗക്കാർക്ക് ധനസഹായം നൽകുവാൻ പ്രത്യേകം പണം അനുവദിക്കാതിരുന്നതുകൊണ്ടാണ് അവർക്ക് സഹായം നൽകാതിരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കേശവൻ: മരംകയറ്റത്തൊഴിലാളികളായും മരം മുറിക്കുന്ന തൊഴിലാളികളായും ഹരിജന ഗിരിജന വിഭാഗമല്ലാതെ മറ്റ് ആളുകളും ഈ തൊഴിൽ മേഖലയിൽ പണി എടുക്കുന്നുണ്ട്. മരം കയറ്റത്തൊഴിലാളികൾക്ക് അപകടം ഉണ്ടായാൽ അവർക്ക് കൊടുക്കുന്ന നഷ്ടപരിഹാരം ഈ മേഖലയിൽ പണിയെടുക്കുന്ന മറ്റ് വിഭാഗം ആളുകൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സ്പെഷ്യൽ കമ്പോണന്റ് പ്ലാനിൽ കൊടുക്കുന്ന പണമല്ലാതെ കാലാകാലങ്ങളിൽ ഗവൺമെന്റ് കൂടുതൽ പണം ഇതിനുവേണ്ടി അലോട്ട് ചെയ്യാറുണ്ട്. ആ പണം ഉപയോഗിച്ച് മറ്റ് വിഭാഗക്കാർക്ക് കൊടുത്തുവരാറുണ്ട്.

ശ്രീ. വി. കേശവൻ: മരംകയറ്റത്തൊഴിലാളികൾക്ക് അപകടം ഉണ്ടായാൽ ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് അവർക്ക് ആനുകൂല്യം കിട്ടുന്നതിന് ബുദ്ധിമുട്ടുണ്ട്. കാരണം മരത്തിൽനിന്നു വീണ് അപകടം പറ്റിയാൽ അവരുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഉടനെതന്നെ തൊട്ടടുത്തുള്ള ആശുപത്രിയിൽ കൊണ്ടുപോയാണ് ചികിൽസിക്കുന്നത്. അല്ലാതെ ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർമാരുടെ അടുത്തു പോകാൻ പറ്റിയില്ലെന്നുവരും. ഗവൺമെന്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിലേ ആനുകൂല്യം കിട്ടുകയുള്ളൂ എന്ന വ്യവസ്ഥയുള്ളതിന്റെ ഫലമായി യഥാർത്ഥത്തിൽ അപകടം പറ്റിയ പലർക്കും സഹായം ലഭിക്കുന്നില്ല. അതുകൊണ്ട് അവരെ ചികിൽസിച്ച ഡോക്ടർമാരുടെ സർട്ടിഫിക്കറ്റുകൂടി പരിഗണിച്ച് നഷ്ടപരിഹാരം കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇതിന്റെ റൂളിൽ ചില വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകൾ അനുസരിച്ചാണ് നടപടികൾ സ്വീകരിക്കുന്നത്. ഇതിൽ എന്തെങ്കിലും പ്രത്യേക ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെ ശ്രദ്ധയിൽപ്പെട്ടാൽ അതിന് [illegible]ാരം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കാം.

ശ്രീ. ടി. കെ. അബ്ദു: മരം കയറ്റ തൊഴിലാളികളിൽ ഹരിജനങ്ങളും ഗിരിജനങ്ങളും മറ്റ് സമുദായത്തിൽപ്പെട്ടവരുമെല്ലാം ഉണ്ട്. അവർ ഇപ്പോൾ താമസിക്കുന്നത് സ്വന്തം പുരയിടത്തിലാണ്. സ്വന്തം പുരയിടത്തിലെ മരത്തിൽക്കയറി അപകടം സംഭവിച്ചു മരണമടഞ്ഞപ്പോൾ കോമ്പൻസേഷന് അർഹതയില്ലായെന്നു പറഞ്ഞു തള്ളിയ വിവരം മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? ഹരിജനായ ഒരു തെങ്ങുകയറ്റ തൊഴിലാളി സ്വന്തം പുരയിടത്തിലെ തെങ്ങ് കയറാതിരിക്കണം. അല്ലെങ്കിൽ വേറെ തെങ്ങുകയറ്റ തൊഴിലാളിയെ വിളിക്കണമെന്നാണോ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. ശിവദാസൻ: ഈ സ്കീമിലെ വ്യവസ്ഥയനുസരിച്ച് വേജസ്സിനുവേണ്ടി ജോലി ചെയ്തതാണോ എന്നു പരിശോധിച്ചാണ് നഷ്ടപരിഹാരം കൊടുക്കുന്നത്. അങ്ങനെയാണ് അതിന്റെ രൂപം.

ശ്രീ. ടി.കെ. അബ്ദു: പറവൂർ നിയോജകമണ്ഡലത്തിൽ ഒരുഹരിജൻ തന്റെ വീട്ടുവളപ്പിലുള്ള അടയ്ക്കാമരത്തിൽ കയറിയപ്പോൾ വീണു മരിച്ചു. അതിന് കോമ്പൻസേഷൻ കൊടുത്തില്ല. സ്വന്തം പുരയിടത്തിലാണെന്നു പറഞ്ഞാണ് ആ അപേക്ഷ തള്ളിയത്. ഈ കേസിൽ എന്തെങ്കിലും സാമ്പത്തിക സഹായം നൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: നിലവിലുള്ള രൂപം അനുസരിച്ച് ഡിസ്ട്രിക്റ്റ് ലേബർ ഓഫീസർ അഡ്ജുഡിക്കേറ്റ് ചെയ്താലേ കൊടുക്കാൻ നിവൃത്തിയുള്ളൂ. രൂപം മാറ്റണമെങ്കിൽ അത് ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: ഈ കാലയളവിൽ എത്ര ആളുകൾക്ക് അപകടം സംഭവിച്ചു, എത്രയാളുകൾക്ക് സഹായധനം നൽകി?

ശ്രീ. കെ. ശിവദാസൻ: മൊത്തം 400 പേർക്ക് സഹായധനം കൊടുത്തിട്ടുണ്ട്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: അപകടം സംഭവിച്ചു ഗുരുതരമായ പരിക്കേറ്റു വളരെനാൾ കിടന്നതിനുശേഷം ജീവാപായം സംഭവിച്ചാൽ സഹായധനം നൽകുമോ?

ശ്രീ. കെ. ശിവദാസൻ: ടോട്ടലായ ഡിസേബിൾമെൻറാണെങ്കിൽ അവർക്ക് സഹായം കിട്ടും.

ശ്രീ. സി. കെ. തങ്കപ്പൻ: എന്റെ വീട്ടിനടുത്ത് ഒരു മരംകയറ്റത്തൊഴിലാളി പുളിമരത്തിൽനിന്നു വീണുമരിച്ചു. അവകാശത്തിനുവേണ്ടി അപേക്ഷിച്ചപ്പോൾ അധികാരികൾ പറയുന്നത് തെങ്ങിൽനിന്നോ പനയിൽനിന്നോ വീണു മരിച്ചാലേ കോമ്പൻസേഷൻ കൊടുക്കുകയുള്ളൂ എന്നാണ്. അതുകൊണ്ട് മരംകയറ്റ തൊഴിലാളികൾ ഏതു മരത്തിൽ നിന്നു വീണു മരിച്ചാലും അവർക്ക് കോമ്പൻസേഷൻ കൊടുക്കണമെന്ന വ്യവസ്ഥയുണ്ടാക്കാൻ മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: ആദ്യം അങ്ങനെയായിരുന്നു . പിന്നീട് അതു മാറ്റി. ഏതു മരത്തിൽനിന്നു വീണു മരിച്ചാലും ഇപ്പോൾ കോമ്പൻസേഷൻ കൊടുക്കുന്നുണ്ട്.

ശ്രീ. സി. കെ. തങ്കപ്പൻ: ഈ അവകാശം വ്യവസ്ഥ ചെയ്യുന്ന സമയത്ത് 5000 രൂപയെന്നു തീരുമാനിച്ചു. അതിനുശേഷം സാമ്പത്തികമായ പല മാറ്റങ്ങളും വന്നു. വില വർദ്ധനവുണ്ടായി. ഇതു കണക്കിലെടുത്ത് ഈ സഹായം 10000 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ അങ്ങനെയൊരു ആലോചന ഇല്ല.

ശ്രീ. കെ. ടി. കണാരൻ: കോമ്പൻസേഷൻ നിയമം അനുസരിച്ച് ആദിവാസി-ഹരിജന വിഭാഗങ്ങൾക്കുമാത്രം കോമ്പൻസേഷൻ കൊടുക്കുന്ന ഒരു പ്രവണതയുണ്ട്. കോഴിക്കോട് ജില്ലയിൽ മാത്രം ഈ വിഭാഗത്തിൽപ്പെടാത്ത 74 കുടുംബങ്ങൾക്ക് കഴിഞ്ഞ 3 വർഷക്കാലമായി നഷ്ടപരിഹാരം കൊടുത്തിട്ടില്ല. ആദിവാസി-ഹരിജന വിഭാഗങ്ങൾ അല്ലാത്തവരായ ആളുകൾക്കും നഷ്ടപരിഹാരം കൊടുക്കണമെന്ന് കോടതിവിധി ഉണ്ടായിട്ടുപോലും ഇതുവരെ ആ കുടുംബങ്ങൾക്ക് യാതൊന്നും കൊടുത്തിട്ടില്ല. അതുകൊണ്ട് ഗവൺമെന്റ് ഈ കാര്യത്തിൽ അവർക്ക് അടിയന്തിയസഹായം നൽകാൻ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ: ഹരിജന-ഗിരിജന വിഭാഗങ്ങൾക്ക് സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ മുഖേന അല്ലാതെതന്നെ കൂടുതൽ പണം ഗവൺമെന്റ് അലോട്ട് ചെയ്യാറുണ്ട്. 1983-84-ൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ അനുസരിച്ച് മൂന്നു ലക്ഷം രൂപ ഗവൺമെന്റ് അനുവദിച്ചിരുന്നു. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഈ വിഭാഗത്തിൽപ്പെടുന്ന വരല്ലാത്തവരായിട്ടുള്ള ആളുകളിൽ നിന്നും ധാരാളം അപേക്ഷകൾ വന്നിട്ടുള്ളതുകൊണ്ട് 9 ലക്ഷം രൂപ ഗവൺമെന്റ് പ്രത്യേകമായി അനുവദിക്കുകയും 229 പേർക്ക് പ്രത്യേകമായി കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ അനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ പണം അലോട്ടു ചെയ്തത് ഇത് എല്ലാവർക്കും ബാധകമാക്കുന്നതിന് നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: 1984-85-ൽ സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ പ്രകാരം ഹരിജന-ഗിരിജനങ്ങൾക്ക് കൊടുത്തതല്ലാതെ മറ്റാർക്കും തന്നെ പണം ഇല്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ലായെന്നും അതുകൊണ്ട് ഈ സ്കീം ഈ സംസ്ഥാനത്ത് നടപ്പിലായിട്ടില്ല എന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. 1984-85-ൽ ഹരിജന-ഗിരിജനങ്ങൾക്കല്ലാതെ മറ്റ് എത്ര തൊഴിലാളികളുടെ അപേക്ഷകൾ ജില്ലാ ലേബർ ഓഫീസർമാർ പ്രോസസ് ചെയ്തു പണം കൊടുക്കുന്നതിനുവേണ്ടി കെട്ടിക്കിടപ്പുണ്ട്. അവർക്ക് എപ്പോൾ പണം അലോട്ട് ചെയ്യും? എപ്പോൾ പണം കൊടുക്കാൻ കഴിയും എന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ?

ശ്രീ. കെ. ശിവദാസൻ: ഇപ്പോൾ വരെ 225 അപേക്ഷകൾ സാങ്ഷൻ ചെയ്തുകിടപ്പുണ്ട്. അതിൽ ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബിൽപ്പെട്ട 27 പേർക്കും, അല്ലാത്തവരായ 198 പേർക്കും കൊടുക്കാനുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ: 1984-85 ൽ ഹരിജന ഗിരിജനങ്ങൾക്കു മാത്രമേ കൊടുത്തിട്ടുള്ളുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ആ വർഷം ബാക്കിയുള്ളവരുടെ എത്ര അപേക്ഷകൾ ഓരോരോ ജില്ലകളിൽ പ്രോസസ് ചെയ്തു പണത്തിനുവേണ്ടി കാത്തുകെട്ടിക്കിടപ്പുണ്ട്. അവർക്ക് എപ്പോഴാണ് പണം കൊടുക്കുക.

ശ്രീ. കെ. ശിവദാസൻ: ഞാൻ പറഞ്ഞു 1984-85, 1985-86 ഈ വർഷങ്ങളിൽ ഇന്നുവരെ മൊത്തം 225 പേർക്ക് സാങ്ഷൻ ചെയ്തു കൊടുക്കാനുണ്ട്. അങ്ങു പറഞ്ഞതുംപ്പെടെ അതിൽ എസ്. സി./എസ്. റ്റി. വിഭാഗത്തിൽപ്പെട്ട 27 പേർക്കും ബാക്കി 198 പേർക്കും കൊടുക്കാനുണ്ട്. അഡീഷണൽ ആയിട്ട് ഇത്രയും ഫണ്ട് വേണം എന്നു പറഞ്ഞ് ഗവൺമെന്റിനെഴുതി. ഇപ്പോൾ അത് പ്രോസസിംഗ് സ്റ്റേജിലാണ്. വളരെവേഗംതന്നെ ഫണ്ട് ലഭിക്കും. ഉടനെതന്നെ എല്ലാവർക്കും വിതരണം ചെയ്യുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പറവൂർ നിയോജക മണ്ഡലത്തിലെ ഒരു മരംകയറ്റ തൊഴിലാളി അയാളുടെ സ്വന്തം പറമ്പിലുള്ള മരത്തിൽക്കയറിയപ്പോഴാണ് വീണു മരിച്ചതെന്നുള്ളതുകൊണ്ട് നഷ്ടപരിഹാരം കൊടുക്കുകയില്ലായെന്ന് ഇവിടെ ഒരു പരാതി ശ്രീ. അബ്ദു ഉന്നയിക്കുകയുണ്ടായി. അത്തരമൊരു നടപടി സ്വന്തം മരത്തിൽനിന്നും വീഴുമ്പോൾ സഹായം കൊടുക്കേണ്ടതില്ലയെന്ന് ഗവൺമെന്റ് ഒരു നയമായി സ്വീകരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ പറവൂരത്തെ കേസ്സിൽ സഹായം കൊടുക്കുമോ? നിയമതടസ്സമുണ്ടെങ്കിൽ അത് ഭേദഗതി ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

മി. സ്പീക്കർ: നേരത്തെ പറഞ്ഞല്ലോ അത് ചട്ടപ്രകാരമാണ് കൊടുക്കുന്നതെന്ന്. ചട്ടങ്ങളിൽ ഭേദഗതി വേണമെങ്കിൽ ആലോചിക്കാമെന്ന് പറഞ്ഞുവല്ലോ?

ശ്രീ. കെ. ശിവദാസൻ: നിയമം ഭേദഗതി ചെയ്താൽ മാത്രമേ അങ്ങനെ കൊടുക്കാൻ കഴിയൂ. അങ്ങനെയാണ് മെമ്പറുടെ സജഷനെങ്കിൽ അത് ഉന്നതതലത്തിൽ പരിഗണിക്കേണ്ട ഒരു വിഷയമാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ഭേദഗതി ഉണ്ടോ ഇല്ലയോ എന്നതു ഡെഫിനറ്റ് കമ്മറ്റ്മെന്റാണ്. ഉണ്ടെങ്കിൽ ഉണ്ട്. ഇല്ലെങ്കിൽ ഇല്ല. അത് പറയണം.

മി. സ്പീക്കർ: അത് പറഞ്ഞല്ലോ. ഭേദഗതി ആലോചിക്കാമെന്നാണല്ലോ പറഞ്ഞത്.

കോർപ്പറേഷനതിർത്തിക്കുള്ളിൽ വീടുവയ്ക്കാനനുവാദം നൽകുന്നതു സംബന്ധിച്ച നിയമം

* 138 (182) ശ്രീ. കെ. കെ. തോമസ്:
,, എ. വി. താമരാക്ഷൻ:
,, എസ്. ആർ. തങ്കരാജ്:
,, ജി. കാർത്തികേയൻ:
,, എൻ. ശക്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) കോർപ്പറേഷൻ അതിർത്തിക്കുള്ളിൽ വീടുവയ്ക്കുമ്പോൾ അതിന്റെ നാലുവശത്തും സ്ഥലം വിടുന്നതു സംബന്ധിച്ചുള്ള നിയമത്തിന് അടുത്തകാലത്ത് എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ പുതിയ ഭേദഗതികൊണ്ട് സിറ്റിക്കകത്ത് രണ്ടും മൂന്നും സെന്റുമാത്രമുള്ള ആളുകൾക്ക് വീടുവയ്ക്കുവാൻ സാധിക്കാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നഗരത്തിലെ രൂക്ഷമായ പാർപ്പിട സൗകര്യമില്ലായ്മ പ്രത്യേകം പരിഗണിച്ച് ഈ പുതിയ ഭേദഗതി പിൻവലിക്കുവാൻ ദയവുണ്ടാകുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. എം. സ്റ്റീഫൻ): (എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly